# കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവ്വകലാശാല യിൽ വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് ഒടുക്കുന്ന രീതികൾ സംബന്ധിച്ച പുതുക്കിയ ഉത്തരവ്.

---

**വിവരാവകാശ വിഭാഗം**

ക.യു/ആർ.ടി.ഐ./ പലവക/2015

കണ്ണൂർ, തീയ്യതി 05/7/2017

സൂചിക: 1. വിവരാവകാശനിയമം 2005 പ്രകാരം അപേക്ഷാഫീസ് ഒടുക്കുന്നതു സംബന്ധിച്ച വിവരാവകാശ കമ്മീഷന്റെ നിർദ്ദേശം കണ്ണൂർ സർവ്വകലാശാല യിൽ നടപ്പാക്കിക്കൊണ്ടുള്ള 11/07/2016 ലെ ഇതേ നമ്പർ ഉത്തരവ്.

2. ഇതേ നമ്പർ ഫയലിലെ വൈസ്ചാൻസലറുടെ 16.06.2017 ലെ ഉത്തരവ്.

**ഉത്തരവ്.**

കണ്ണൂർ സർവ്വകലാശാലയിൽ വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് ഒടുക്കുന്ന രീതികൾ സംബന്ധിച്ച സൂചിക 1 ലെ ഉത്തരവ്, വൈസ്ചാൻസലറുടെ സൂചിക 2 ലെ ഉത്തരവ് അനുസരിച്ച് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**'കണ്ണൂർ സർവ്വകലാശാല ഓഫീസിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്കൊപ്പം അപേക്ഷാഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള മറ്റു ചെലവുകൾ എന്നിവയ്ക്കായി സർവ്വകലാശാലയുടെ കറന്റ് അക്കൗണ്ടിൽ *(Account No.57015176715)* അടച്ച എസ്.ബി.ഐ പേ-ഇൻ-സ്ലിപ്പ് / സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേരിലെടുത്ത എസ്.ബി.ഐ താവക്കര കാമ്പസ്സിൽ മാറാൻ പറ്റുന്ന ഡി.ഡി/ സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേരിലെടുത്ത ഇന്ത്യൻ പോസ്റ്റൽ ഓർഡർ/ 8658-00-102-96(27) KUS എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച *ട്രഷറി ചലാൻ* എന്നിവയിൽ ഏതെങ്കിലും മാത്രമേ സ്വീകരിക്കുകയുള്ളൂ. *കോർട്ട് ഫീ സ്റ്റാമ്പ് വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് കണ്ണൂർ സർവ്വകലാശാലയിൽ സ്വീകരിക്കുന്നതല്ല.'***

ഒപ്പ്
**രജിസ്ട്രാർ**

To

1. പി.ആർ.ഒ (പത്രപരസ്യത്തിനുവേണ്ടി)
2. കമ്പ്യൂട്ടർ പ്രോഗ്രാമർ (സർവ്വകലാശാല വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
3. വി.സി യുടെ പി.എസ്., പി.വി.സി, രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ,
4. പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ
5. K.S.A.D
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

അംഗീകാരത്തോടെ

**സെക്ഷൻ ഓഫീസർ**